## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3379

24/06/2013 - ൽ മറുപടിക്ക്

## തീരദേശ സുരക്ഷാ പദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. ദാസൻ

എ) കാലവർഷവും കടൽക്ഷോഭവും മുൻകൂട്ടി കണ്ട് തീരദേശമേഖലയുടേയും അവിടത്തെ ജനങ്ങളുടേയും രക്ഷയ്ക്കായി എന്തെങ്കിലും പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ: വ്യക്തമാക്കുമോ:

ബി) കടൽക്ഷോഭത്തിന്റെ ഭാഗമായി ഇതിനകമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ: വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

എ) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ട്രോളിംഗ് നിരോധനത്തിന്, മോശമായ കാലാവസ്ഥയുള്ള മൺസൂൺ കാലയളവിൽ കാലവർഷവും, കടൽക്ഷോഭവും നിമിത്തം മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ഉദ്ദേശം കൂടി ഉണ്ട്. ഈ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നല്കിവരുന്നു. ഇതിനായി 20 ലക്ഷം രൂപ 2013 - ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഭാഗമായി പഞ്ഞമാസങ്ങളായ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ 600/- രൂപ വീതം ആകെ 1800/- രൂപ ധനസഹായം നല്കുന്നു. കടൽ ക്ഷോഭത്തിൽ ജീവിതോപാധികളായ വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7500/- രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500/- രൂപയും റവന്യൂ വകുപ്പ് മുഖേന നൽകുന്നു. കൂടാതെ തൊഴിൽ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി നടത്തുന്ന പദ്ധതിയായ 'സാമ്പത്തിക താങ്ങൽ പദ്ധതി' പ്രകാരം 1350/- രൂപ പഞ്ഞമാസങ്ങളിൽ ഗുണഭോക്താക്കൾക്ക് നല്കിവരുന്നു.

ബി) ഉണ്ട്. കടൽക്ഷോഭത്തിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 1,33,40,000/- |
| 2 | കൊല്ലം | 7,36,000/- |
| 3 | ആലപ്പുഴ | 22,52,000/- |
| 4 | എറണാകുളം | Nil |
| 5 | തൃശ്ശൂർ | 5,68,000/- |
| 6 | മലപ്പുറം | 12,48,000/- |
| 7 | കോഴിക്കോട് | 5,65,000/- |
| 8 | കണ്ണൂർ | 3,65,000/- |
| 9 | കാസർഗോഡ് | 8,60,00/- |
| **ആകെ** | | **1,99,34,000/-** |

സെക്ഷൻ ഓഫീസർ.